# പ്രസന്നകേരളം

ലിയോനിഡ് സോബ്ലോവ്യോവ്

## ഐവാൻ നിക്കുലിൻ

### തീവണ്ടിയിൽ

ഒരു നാവികനു് തനിച്ചു് സഞ്ചരിക്കുന്നതു് ഇഷ്ടമല്ല. പോരാ, അവനതു് വലിയ വെറുപ്പാണു്. നാവികന്മാരുടെ നീല ഉടുപ്പും വട്ടത്തൊപ്പിയും കാണാതെ, സെബാസ്റ്റപ്പോളിലെയും ക്രോൺസ്റ്റാററിലെയും പൂർവ്വസ്നേഹിതന്മാരുമായി വെടി പറയാൻ സൗകര്യമില്ലാതെ; പകിട പന്ത്രണ്ടെന്നു വിളിച്ചുപറഞ്ഞു് പകിട എറിയാനും കഴിയാതെയുള്ള ജീവിതം അവനു് ദുസ്സഹമാണു്.

നിക്കുലിൻ ആ തീവണ്ടിമുറിയിൽ ചുററി നടന്നുനോക്കി. അവിടെയെങ്ങും ഒരു നാവികനെ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. അയാൾ തിരിച്ചു തന്റെ മൂലയ്ക്കു് വന്നിരിപ്പായി.

തീവണ്ടി അടുത്ത സ്റ്റേഷനിൽ നിന്ന ഉടനെ നിക്കുലിൻ ചാടിയിറങ്ങി തീവണ്ടിയുടെ അരികിൽകൂടി നടന്നുതുടങ്ങി. കൂട്ടുകാർ ആരെങ്കിലും മററു മുറികളിൽ ഉണ്ടായിരിക്കുമെന്നയാൾ ആശിച്ചു.

അന്നു് നിക്കുലിന്റെ ഭാഗ്യം തെളിഞ്ഞിരുന്നു. ദൂരെ ഒരു നീലക്കുപ്പായം അയാൾ കണ്ടു.

“എയ് എങ്ങിനെ?” അയാൾ വിളിച്ചു.

“ആഹാ, എവിടുന്നാ, എങ്ങോട്ടു്?”

നാവികന്മാർക്കു് പരിചയം സമ്പാദിക്കാൻ വളരെ കുറച്ചു സമയം മതിയാവും. അഞ്ചുനിമിഷത്തിൽ അവർ പരിചയക്കാരായി. പത്തുകൊണ്ടു് സ്നേഹിതന്മാരും. രണ്ടാംമണി അടിക്കുന്നതിനു് മുമ്പുതന്നെ നിക്കുലിൻ അയാളെപ്പററിയുള്ള എല്ലാ വിവരങ്ങളും ഗ്രഹിച്ചുകഴിഞ്ഞു, വാസിലിയെന്നാണയാളെ വിളിക്കാറു്, ഇരട്ടപ്പേരു് ക്രൈലോവു് എന്നു്, ആശുപത്രിയിൽനിന്നു് മടങ്ങുകയാണു്, കരിങ്കടലിലെ നാവികസേനയിലേക്കു്, മററും മററും—

“ആകട്ടെ ചെങ്ങാതി കെട്ടും ഭാണ്ഡവുമൊക്കെ എടുത്തു് എന്റെ മുറിയിലേക്കു് വരൂ. എന്താ വാസിലീ”

അടുത്ത സ്റ്റേഷനിൽ അവർ മരപ്പു തീർക്കാൻ പുറത്തിറങ്ങി, വാസിലി ക്ലെവ്ററ്സോവു്, ഫിലിപ്പു് ഖാർശെങ്കോ, സാക്കർ ഫോമിച്ചോവു് എന്നു് മൂന്നു പേരെക്കൂടി കിട്ടി. അഞ്ചു നാവികന്മാർ ഒരു മുറിയിൽ പകിടകളി തുടങ്ങിയാൽ തീവണ്ടിയിലുള്ള മുഴുവൻ നാവികന്മാരും അവിടെയെത്തുമെന്നതു തീർച്ചയാണു്. അതുതന്നെയാണുണ്ടായതും. തിക്കോലായ് ഷുക്കോവു്, സെറിബ്രിയാക്കോവു്, കോതോവാലോവു്, പിന്നെ നിക്കുലിൻ എണ്ണിയില്ല. ഓരോ സ്റ്റേഷനിലെത്തുമ്പോഴും ഒരു വട്ടത്തൊപ്പി വാതിക്കൽ പ്രത്യക്ഷപ്പെടും.

“ഇവിടെയാണോ ഞങ്ങളുടെ കൂട്ടർ?”

“ഇവിടെത്തന്നെ. വന്നു് നങ്കൂരമിട്ടുകൊള്ളൂ.” മറുപടിയും

അങ്ങിനെ ഓരോന്നായി നങ്കൂരമിട്ടു് മുറിയുടെ പകുതിയും നിറഞ്ഞു. നിക്കുലിൻ സന്തോഷത്തോടുകൂടി പറഞ്ഞു;

“ചങ്ങാതികളെ ഒരു കപ്പൽ നടത്താൻ മാത്രമുണ്ടു് നാം”

“തീർച്ചയായും” ഫോമിച്ചോവു് സമ്മതിച്ചു. “ഇരുപത്തിനാലെണ്ണം. അതു് ഒരു സംഘം മുഴുവനുമായി.”

“ഇല്ല” ക്ലെവ്ററ്സോവു് എതിർത്തു. “അതുപോരാ, ഇരുപത്തഞ്ചു വേണം. നമ്മളൊന്നു കുറവാണു്.”

ക്ലെവ്ററ്സോവിന്റെ അഭിപ്രായത്തിനു് മറുപടിയെന്നപോലെ വാതിൽ തുറന്നു് ഒരാൾ പ്രവേശിച്ചു.—ഇരുപത്തഞ്ചാമത്തെ നാവികൻ.

“ആഹാ,” അവരെയൊക്കെ നോക്കിക്കൊണ്ടയാൾ പറഞ്ഞു. “തേടിയ വള്ളി കാലിൽ ചുററി. നമ്മുടെ കൂട്ടക്കാർ ആരോ ഇവിടെയുണ്ടെന്നു് എനിക്കൊരു തോന്നലുണ്ടായി.”

അയാൾക്കു് ഏകദേശം അമ്പതുവയസ്സുണ്ടായിരുന്നു. തലമുടി കുറേശ്ശെ നരച്ചു തുടങ്ങിയിട്ടുണ്ടു്. മീശയും താടിയും വെള്ളിക്കമ്പികൾ തന്നെ. പ്രായത്തിന്റെ ഫലമായിട്ടായിരിക്കും അയാൾ യാത്രയ്ക്കുവേണ്ട ഒരുക്കങ്ങളോടെയാണു് വന്നതു്. കൈയിൽ ഒരു നല്ല പെട്ടി, ഒരു വലിയ കേത്തൽ, പുറത്തു് നന്നായി അടുക്കിയ ഒരു ചാക്കസഞ്ചി.

“ഊഫ്” കോനോവാലോവിന്റെ അടുത്തു് ഇരുപ്പുറപ്പിച്ചുകൊണ്ടു് അയാൾ പറഞ്ഞു. “തീപോലത്തെ ചൂടു്. എങ്ങിനെ കുട്ടികളേ?”

“എങ്ങിനെ അമ്മാവാ” നിക്കുലിന്റെ മറുപടി ഉടനടിയുണ്ടായി. ആ പേരു് അയാൾക്കു് സ്ഥിരമായി.

അമ്മാവൻ പാത്രം തുറന്നു നോക്കി. അതു തിളയ്ക്കുന്നുണ്ടായിരുന്നു.

“ശരി എല്ലാം ശരി. ഇറങ്ങുന്നതിനു മുമ്പുതന്നെ ഞാൻ ചായ ഉണ്ടാക്കി. തിളയ്ക്കട്ടെയെന്നു വച്ചു. അങ്ങിനെയായാൽ വണ്ടിയിൽ കയറുന്ന ഉടനെ ഒരു കോപ്പ കുടിക്കാമല്ലോ. ഹേയ് കുട്ടികളേ, എല്ലാവരും കോപ്പ കാണിക്കു്.”

എല്ലാവർക്കും ചായ പകർന്നു കഴിഞ്ഞു് അമ്മാവൻ സഞ്ചി അഴിച്ചു് ഒരു പൊതി പഞ്ചസാരയെടുത്തു. ആദ്യം തനിക്കു മാത്രം അതിൽ നിന്നെടുത്തു. പക്ഷേ എങ്ങിനെയാ ഈ ഇരിക്കുന്നതെല്ലാം തന്റെ കൂട്ടരല്ലേ. അല്പസമയം അമ്മാവൻ മടിച്ചു നിന്നു. അവരുടെ മുഖത്തു നോക്കി. കൂട്ടരോടുള്ള സ്നേഹം മിതവ്യയത്തെ ജയിച്ചു. ഒന്നു മുരങ്ങിക്കൊണ്ടു് അയാൾ ആ പൊതി മുഴുവൻ അഴിച്ചു് എല്ലാവർക്കും പഞ്ചസാര കൊടുത്തു.

ആരും അമ്മാവന്റെ പിറകിലാകാൻ ഇഷ്ടപ്പെട്ടില്ല. ഓരോരുത്തരും സഞ്ചികളും പൊതികളുമഴിച്ചു. ഇറച്ചി ബിസ്കററു് അങ്ങിനെ ഓരോന്നും എടുത്തു. നിക്കുലിൻ ഒന്നാന്തരം സിഗററു് ഇരുപത്തഞ്ചെണ്ണം ഒരു പാത്രത്തിലിട്ടു. ആർക്കും ഇല്ലാതെ വന്നില്ല.

അങ്ങിനെ അവർ യാത്രചെയ്തു. പൊതുസമ്മതപ്രകാരം നിക്കുലിനായിരുന്നു നായകൻ. അമ്മാവൻ കാര്യാന്വേഷണവും. അമ്മാവൻ ഒരു സപ്ലൈവിദഗ്ദ്ധനാണെന്നു് അവർ കണ്ടുപിടിച്ചു. എന്തു സാധനമായാലും അമ്മാവൻ മൊത്തപ്പടിയേ വാങ്ങുമാറുള്ളൂ. മത്സ്യമാണെങ്കിൽ പാത്രം മുഴുവനും, മുട്ടയാണെങ്കിൽ നൂറു് തികച്ചു് പഴമാണെങ്കിൽ കുട്ടപ്പടി, കുട്ടയോടുകൂടെ. ഖാർച്ചെങ്കോയും കോനോവാലോവും ചൂടുവെള്ളം കൊണ്ടുവരാൻ നിയമിക്കപ്പെട്ടു. അവരായിരുന്നു നല്ല ഓട്ടക്കാർ.

വാസ്യാ ക്രൈലോമിനും ജോലിയുണ്ടായിരുന്നു. ററിക്കററു് മുഴുവനും അയാളെ ഏല്പിച്ചു. ചെക്കർ വരുമ്പോൾ അയാൾ എല്ലാടിക്കററും ഏൽപ്പിച്ചുകൊള്ളണം.

ഈ വാസ്യയെപ്പററി അല്പം പറയാതെ തരമില്ല. ഞൊടിയിടയിൽ ഒരു യുവതിയുമായി ലോഹ്യത്തിലാകുവാൻ അയാൾക്കുള്ള സാമർത്ഥ്യം അന്യാദൃശമാണു്. തീവണ്ടിനിൽക്കുന്ന ഉടനെ അയാൾ ചാടിയിറങ്ങും. മൂന്നുനിമിഷത്തിനുമുമ്പു് തീവണ്ടികാണാൻ വന്നിട്ടുള്ള നാടൻ പെൺകുട്ടികളുമായി അയാൾ സരസമായി സംസാരിച്ചുകൊണ്ടു നിൽക്കുന്നതുകാണാം. അഞ്ചുനിമിഷത്തിനകം അയാൾ പോക്കററിൽനിന്നു് ബുക്കും പെൻസിലുമെടുത്തു് അവരുടെയൊക്കെമേൽവിലാസം കുറിച്ചെടുത്തുതുടങ്ങും. ഏഴുനിമിഷത്തിൽ മണിയടിക്കും. വണ്ടി നീങ്ങിത്തുടങ്ങും വാസ്യ ചവിട്ടുപടിയിൽനിന്നു കൊണ്ടു് വണ്ടി ദൂരത്തെത്തുന്നതുവരെ

എല്ലാവർക്കും ചിരിവന്നു. കു

തൊപ്പി വീശിക്കൊണ്ടിരിക്കും

## വിഷയവിവരം.


1. ഐവാൻ നിക്കുലിൻ-നോവൽ-ലിയോനിഡ് സോബ്ലോവ്യോവ്.
2. കുറിപ്പുകൾ.
3. ജീവാഹുതി-നാഗവള്ളിൽ ആർ. എസ്സ്. കുറുപ്പ് ബി. ഏ. എൽ. ററി.
4. ഇരുൾ നിറഞ്ഞ ബങ്കാൾ-അമൃതലാൽനാഗൻ.
5. സിനിമാ-ഭാരതമിലാപ്-ആനന്ദക്കുട്ടൻ.
6. ഇന്ത്യയുടെ മിച്ചക്കടം-എം. ഇ. മത്തായി.
7. ചിലപ്രശ്നങ്ങൾ-ഇ.എം എസ്.നമ്പൂതിരിപ്പാട്
8. ക്ഷമാപണം-വി. ലിവിംഗ്സ്റ്റൺലാർനാർഡ്.
9. തൊഴിലാളിലോകം.



**പ്രസന്നകേരളം**

പുസ്തകം 18 ലക്കം 5

ജൂൺ 2. 1946.

വില രണ്ടണ

